## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2760 10.12.2014-ൽ മറുപടിക്ക്**

## വൈക്കം മണ്ഡലത്തിൽ ജലനിധി പദ്ധതി

| ചോദ്യം<br>ശ്രീ.കെ.അജിത് | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) വൈക്കം നിയോജക മണ്ഡലത്തിൽപ്പെട്ട ഏതൊക്കെ പഞ്ചായത്തുകളിലാണ് ജലനിധി പദ്ധതി നടപ്പാക്കുന്നതെന്നും പദ്ധതി നടത്തിപ്പ് ഏത് ഘട്ടംവരെയെത്തിയെന്നും വ്യക്തമാക്കുമോ ; | (എ) വൈക്കം നിയോജക മണ്ഡലത്തിൽ റ്റി.വി.പുരം പഞ്ചായത്തിൽ ജലനിധി രണ്ടാംഘട്ടം ബാച്ച് രണ്ടിൽ ഉൾ പ്പെടുത്തി കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്. പദ്ധതി നടപ്പാക്കാൻ പഞ്ചായത്തുമായി ജലനിധി കരാറിൽ ഏർ പ്പെടുകയും പഞ്ചായത്ത് സഹായസംഘടനയെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| (ബി) ജലനിധി പദ്ധതി നടത്തിപ്പ സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ; | (ബി) ജലനിധിയുടെ ഔദ്യോഗിക വിഭാഗമായ ഗ്രാമ പഞ്ചായത്ത് സപ്പോർട്ട് ടീമും പഞ്ചായത്തും പഞ്ചായത്ത് തെരഞ്ഞെടുക്കുന്ന സഹായ സംഘടനയും ഗുണഭോക്തൃ സമിതികൾക്ക് പദ്ധതി നടപ്പാക്കുന്നതിന് വേണ്ട സഹായവും മാർഗ്ഗ നിർ ദ്ദേശങ്ങളും നൽകിയാണ് പദ്ധതി നടപ്പാക്കുന്നത്. |
| (സി) ജലനിധി പദ്ധതി പ്രകാരം വൈക്കം നിയോജക മണ്ഡലത്തിലുൾ പ്പെട്ട പഞ്ചായത്തുകളിൽ എത്ര തുക വീതം ചെലവഴിച്ചുവെന്നും ഇതിൽ ഗുണഭോക്തൃ വിഹിതം എത്രയെന്നും വെളിപ്പെടുത്തുമോ; | സി) തുക ഒന്നും തന്നെ ചിലവഴിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| ഡി) | ജലനിധി പദ്ധതിയോട് പഞ്ചായത്തുകളുടെ പ്രദേശത്തെ ജനങ്ങൾ താൽപ്പര്യം കാണിക്കുന്നില്ല എന്ന വസ്തുത വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) | ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട് |
| ഇ) | ജലനിധി പദ്ധതി ഇനിയും കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ? | ഇ) | ഉണ്ട് |

സെക്ഷൻ ഓഫീസർ